കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-2016

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.2/2094 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

തിയ്യതി :07-02-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് --- 2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ്

(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ -മെയിൽ വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

സീയാർ/-

നം കെ. എസ്. എ. /കെ.എൻ.ആർ./സി2/2094 /2016 തീയതി : 07-02-2017

## കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരിഗ്രാമപഞ്ചായത്തിന്റെ

# 2015-2016 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 13അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്/ഉദ്യോഗപ്പേര് | ശ്രീ അശോകൻ മഠത്തിൽ , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : 19-11-2016 മുതൽ 29-11-2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ.

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.രമണി കിഴക്കീൽ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | കുമാരി.ചന്ദ്രി. കെ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.റീന പിട്ടൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| 4 | ശ്രീ.കനകരാജൻ ഇ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ. ഗോവിന്ദൻ<br>ശ്രീമതി .ഇ.പി. ഓമന | 01-04-2015 മുതൽ 31-10-2015 വരെ*<br>19-11-2015 മുതൽ 31-03-2016 വരെ. |
| സെക്രട്ടറി | ശ്രീ. എം. ചന്ദ്രൻ.<br>ശ്രീ. സി.ടി. പുരുഷോത്തമൻ | 01-04-2015 മുതൽ 26-07-2015വരെ<br>27-07-2015 മുതൽ 31-03-2016 വരെ |

* ഭരണസമിതി നിലവിലില്ലാതിരുന്ന 01-11-2015 മുതൽ 18-11-2015 വരെയുള്ള കാലയളവിൽ ശ്രീ. സി.ടി. പുരുഷോത്തമൻ, സെക്രട്ടറി. ശ്രീമതി. ലത.പി, കൃഷി ഓഫീസർ, ശ്രീമതി. രത്നവല്ലി. ഐ.വി എന്നിവർ ഉൾപ്പെട്ട ഭരണനിർവ്വഹണസമിതിയാണ് ചുമതല വഹിച്ചിരുന്നത്.

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീമതി.പി.കെ.ബേബി റീന | 01-04-2015 | 14-06-2015 |
| | | ശ്രീമതി.ലത.പി | 15-06-2015 | 31-03-2016 |
| 2 | വി.ഇ.ഒ | ശ്രീമതി.ഗീത.പി.പി. (ഇരിണാവ് സർക്കിൾ) | 01-04-2015 | 30-09-2015 |
| | | ശ്രീ.ബിനു.ഇ.ടി(കല്ല്യാശ്ശേരി സർക്കിൾ) | 01-04-2015 | 31-08-2015 |
| | | ശ്രീ.രഘുവരൻ.ടി.വി. | 30-09-2015 | 31-03-2016 |
| 3 | വെറ്ററിനറി സർജൻ | ഡോ.ബിന്ദു.പ്രശാന്ത് | 01-04-2015 | 31-03-2016 |
| 4 | അസി. എഞ്ചിനീയർ | ശ്രീമതി.നീതു. വത്സരാജ് | 01-04-2015 | 31-03-2016 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രത്നവല്ലി.ഐ.വി. | 01-04-2015 | 31-03-2016 |

| | | | | |
|---|---|---|---|---|
| 6 | അസി . സെക്രട്ടറി | ശ്രീ.വിനോദ്കുമാർ.എം.പി | 01-04-2015 | 31-03-2016 |
| 7 | ഹെഡ് മാസ്റ്റർ | ശ്രീമതി.ശോഭന. | 01-04-2015 | 09-06-2015 |
| | | ശ്രീ.രത്നകുമാർ.മുണ്ടോൻ | 10-06-2015 | 31-03-2016 |
| 8 | മെഡിക്കൽ ഓഫീസർ (GHD) | ഡോ.ലേഖ.പി.കെ | 01-04-2015 | 30-06-2015 |
| | | ഡോ.ഡോളി അഗസ്റ്റിൻ | 01-07-2015 | 31-03-2016 |
| 9 | മെഡിക്കൽ ഓഫീസർ (GAH) | ഡോ.ബിന്ദു | 01-04-2015 | 16-02-2016 |
| | | ഡോ.കെ.വി.രമ | 17-02-2016 | 31-03-2016 |
| 10 | മെഡിക്കൽ ഓഫീസർ (PHC) | ഡോ. മിനി.ശ്രീധരൻ | 01-04-2015 | 31-03-2016 |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.പി. കണ്ണൻ, ടെക്നിക്കൽ അസിസ്റ്റന്റ് | 01-04-2015 | 31-03-2016 |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| ഭാഗം-1 പൊതുഅവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | |
| 4 | 1-4 | സാമ്പത്തിക വിശകലനം. | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം. | |
| 7 | 1-7 | തനത് വരുമാനം. | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 10 | 1-10 | ക്യാഷ് വെരിഫിക്കേഷൻ | |
| 11 | 1-11 | ഗ്രാമസഭകൾ | |

| | | | |
|---|---|---|---|
| 12 | 1-12 | വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും. | |
| 13 | 1-13 | ദുരിതാശ്വാസനിധി -അവലോകനം | |
| ഭാഗം- 2 വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | 2-1 | ഡി&ഒ ലൈസൻസ്- അപാകങ്ങൾ | |
| 15 | 2-2 | തൊഴിൽ നികുതി ഈടാക്കൽ-അപാകങ്ങൾ | |
| ഭാഗം-3 ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | 3-1 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്നുകൾ വാങ്ങാവുന്നതല്ല. | |
| 17 | 3-2 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ - അപാകങ്ങൾ | |
| 18 | 3-3 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | |
| 19 | 3-4 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 4,87,500 രൂപ തടസ്സപ്പെടുത്തുന്നു | |
| 20 | 3-5 | ക്വാട്ട് ചെയ്ത നിരക്കിൽ അധികരിച്ച തുക നൽകിയത് - അധികം നൽകിയ<br><br>32,884/-രൂപ പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. | |
| 21 | 3-6 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികൾ-പൊതു അപാകങ്ങൾ | |
| 22 | 3-7 | എൽ എസ് ജി ഡി വിഭാഗത്തിൽ ജീവനക്കാരുടെ അഭാവം | |
| 23 | 3-9 | സമ്പൂർണ്ണ ഇ-സാക്ഷരത-ലക്ഷ്യം കൈവരിച്ചില്ല | |
| 24 | 3-9 | അങ്കണവാടികളുടെ ഭൗതീകസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ് | |
| 25 | 3-10 | കാലഹരണപ്പെട്ട ഡപ്പോസിറ്റ് പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടേണ്ടതാണ് | |
| 26 | 3-11 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി- അവലോകനം | |
| 27 | 3-12 | ആശ്രയ പദ്ധതി -അവലോകനം | |
| ഭാഗം 4 പൊതുവിവരവും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 28 | 4-1 | നിഷ്ക്രിയാസ്തി സംബന്ധിച്ച വിവരങ്ങൾ | |
| 29 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 30 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |

| | | | |
|---|---|---|---|
| 31 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 32 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് | |
| 33 | 4-6 | സ്ഥിരനിക്ഷേപങ്ങൾ | |
| 34 | 4-7 | ഓഡിറ്റ് റിക്കവറി | |
| 35 | 4-8 | ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം | |
| 36 | 4-9 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 37 | 4-10 | ഓഡിറ്റ് പ്രത്യവലോകനം | |
| 38 | 4-11 | ഓഡിറ്റ് ഇംപാക്ട് | |
| 39 | 4-12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| 40 | 4-13 | 2015-16വർഷത്തെ നിർവ്വഹണാധികാരികളുടെ പേരും മേൽവിലാസവും | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016വർഷത്തെ ബജറ്റ് PR No.12/2015 തീയതി 24-03-2015 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 1,21,21,435 | 4,63,19,306 | 3,41,97,871 | | 26 |
| വരവ് | 9,27,70,667 | 3,39,42,390 | | 5,88,28,277 | 37 |
| ആകെ | 10,48,92,102 | 8,02,61,696 | | 2,46,30,406 | 76 |
| ചെലവ് | 9,92,01,000 | 4,13,61,414 | | 5,78,39,586 | 42 |
| നീക്കിയിരിപ്പ് | 56,91,102 | 3,89,00,282 | 3,32,09,180 | | 15 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 2015-2016 | 31-07-2016 | 26-05-2016 | തിരിച്ചയച്ചിട്ടില്ല |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2015-2016 | 25-11-2016 | കെ.എസ്.എ./കെ.എൻ.ആർ./സി2-2094/2016 | വിശേഷണങ്ങളോടു കൂടിയത് |

വാർഷിക കണക്കുകളിലെ അപാകങ്ങൾ.

1. B-11,B-11(a) ,ഷെഡ്യൂളുകളിലെ ആസ്തി സംബന്ധിച്ച റജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

2.B-17 ഷെഡ്യൂളിൽ TPA 765 അക്കൌണ്ടിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന 67822/- രൂപ പാസ് ബുക്ക് പ്രകാരം 05-06-2009 ന് റവന്യൂ ഡപ്പോസിറ്റിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്.

3.2015-16 വർഷം ഡപ്പോസിറ്റായി നൽകിയ 1,06,000/- രൂപയും വാട്ടർ അതോറിറ്റിക്ക് നല്കിയ 81,500/- രൂപയും ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.(B-18)

4.നിർവ്വഹണ ഉദ്യോഗസ്ഥർ ഒടുക്കുന്ന വാറ്റ് ,ആദായ നികുതി , ,ക്ഷേമ നിധി എന്നീ ഇനങ്ങളിലുള്ള തുകയെ സബന്ധിച്ച വിവരം ഉൾപ്പെടുത്തിയിട്ടില്ല.

# 1-4 സാമ്പത്തിക വിശകലനം.

സ്ഥാപനത്തിന്റെ 2015-2016വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 4,63,19,306 |
| വരവ് | 3,39,42,390 |
| ആകെ | 8,02,61,696 |
| ചെലവ് | 4,13,61,414 |
| നീക്കിയിരിപ്പ് | 3,89,00,282 |

# 1-5 ഫണ്ട് വിനിയോഗം 2015-2016

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1927517 | 3314619 | 3872914 | 9115050 | 9109232 | 5818 | 0 |
| വികസനഫണ്ട് എസ്.സി.പി. | 2355442 | 1530480 | - | 3385922 | 3346815 | 539107 | 0 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 1218476 | 1073675 | - | 2292151 | 2292151 | - | 0 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 1813736 | 598265 | - | 2412001 | 2412001 | - | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2281709 | 4826156 | - | 71078765 | 3774058 | 3333807 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 20718 | 0 | - | 20718 | 20718 | - | - |
| MGNREGS | 1139 | 2876608 | - | 2877747 | 2877747 | - | - |
| ബി ഫണ്ട് | 0 | 16346240 | - | 16346240 | 16346240 | - | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 166 | 60220366 | 104 | 32666514 | 60 | 2 | 62.65 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-2016 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 101ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 22,80,054 | 21,76,916 | 1,03,138 | -4.5 |
| നികുതിയേതര വരവുകൾ | 4,04,679 | 6,23,699 | 2,19,020 | +54 |
| മറ്റുവരവുകൾ | 8,77,168 | 45,52,476 | 36,75,308 | +419 |
| ആകെ | 35,61,901 | 73,53,091 | 3791190 | +101 |

## 1-8 ക്ഷേമപദ്ധതികൾ

2015-2016 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-2016 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 70440 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 2791200 | 573 |
| വിധവാപെൻഷൻ | 5374400 | 807 |
| വാർദ്ധക്യകാലപെൻഷൻ | 5449200 | 1453 |
| വികലാംഗപെൻഷൻ | 1262800 | 218 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള | 943200 | 13 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 390000 | 135 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-2016 | 01-04-2016 മുതൽ 31-07-2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-11-2010 | 2010-11 മുതൽ 2014-15 വരെ | 13-10-2015 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-11-2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48,908 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭകൾ

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 18 വാർഡുകളിലെയും പഴയ ഭരണസമിതിയുടെ ഗ്രാമ സഭാമിനട്സ് ഹാജരാക്കിയത് പരിശോധിച്ചു. ഓഡിറ്റ് കാലയളവിൽ മിക്ക വാർഡുകളിലും 1 തവണ

മാത്രമേ ഗ്രാമസഭ ചേർന്നിട്ടുള്ളൂ(7/2015). വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരിശോധിച്ച് അർഹരായവർക്കുള്ള മുൻഗണനാക്രമം നിശ്ചയിക്കൽ, പദ്ധതി അവലോകനം ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കൽ, ലേബർ ബജറ്റ് തയ്യാറാക്കൽ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഗ്രാമസഭാ യോഗത്തിൽ ഫലപ്രദമായി നടത്തിയിട്ടുണ്ട്. പുതിയ ഭരണസമിതിയുടെ ഹാജരാക്കിയ മിനുട്സുകൾ പ്രകാരം ഓഡിറ്റ് കാലയളവിനുള്ളിൽ 2 തവണ ( 12/2015,02/2016)മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത് .

എല്ലാ ഗ്രാമസഭായോഗങ്ങളിലും ക്വോറം തികഞ്ഞിട്ടുണ്ടെങ്കിലും നിയമപ്രകാരം ആവശ്യമായ കുറഞ്ഞ പങ്കാളിത്തം മാത്രമേ ചില യോഗങ്ങളിൽ ഉണ്ടായിട്ടുള്ളൂ.

ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ (സ്റ്റാറ്റ്യൂട്ടറി, പെർഫോർമൻസ്, എ.ജി. തുടങ്ങിയവ) ലഭിക്കുന്ന മുറക്ക് അവ ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് നിയമം 3 എ (3) വകുപ്പ് നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമസഭാ യോഗങ്ങളിൽ ഒന്നുംതന്നെ മേൽ സൂചിപ്പിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്തതായി കാണുന്നില്ല. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ ഉടൻതന്നെ ഗ്രാമ സഭ വിളിച്ചുചേർത്ത് ആയത് അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും.

വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയിൽ പദ്ധതി രൂപീകരണം, നടത്തിപ്പ്, മോണിട്ടറിംഗ് എന്നിവയിൽ സുപ്രധാന പങ്കു വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം സംബന്ധിച്ച് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും, സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖയിൽ (ജി.ഒ(എം.എസ്)362/2013 തസ്വഭവ 16-11-13) പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി ആസൂത്രണത്തിനായി വിവിധ വിഷയമേഖലകൾക്ക് അനുബന്ധം 3(1), 3(2) എന്നിവയിൽ പറഞ്ഞ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതുണ്ട്.

പദ്ധതി ആസൂത്രണത്തിനായി വിവിധ മേഖലകൾക്ക് പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ച പ്രകാരം 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പിലും 12 മുതൽ 17 വരെ അംഗങ്ങൾ ഉണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ വർക്കിംഗ് ഗ്രൂപ്പും ഒന്നോ രണ്ടോ തവണ യോഗം ചേർന്നിട്ടുണ്ട്. യോഗത്തിലെ അംഗങ്ങളുടെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പൊതുവെ ക്വാറം തികയാനുള്ള പങ്കാളിത്തം മാത്രമേ ഉണ്ടാകുന്നുള്ളൂ. പദ്ധതി മാർഗ്ഗരേഖ ഖ: 11(3) പ്രകാരം ഓരോ വർക്കിംഗ് ഗ്രൂപ്പും പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് അനുബന്ധം 5(1) ൽ പറഞ്ഞ പ്രകാരമുള്ള ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന് നല്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിവരം മിനുട്സിൽ രേഖപ്പെടുത്തിക്കാണുന്നില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണെങ്കിലും ഇത് സംബന്ധിച്ച വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-13 ദുരിതാശ്വാസനിധി

കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ 2003 പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപവൽക്കരിച്ചിട്ടുണ്ട്. പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് (എസ് ബി അക്കൗണ്ട് നം. 5821) പാപ്പിനിശ്ശേരി കോപ്പറേറ്റീവ് റൂറൽ ബാങ്കിൽ ആരംഭിക്കുകയും സംഭാവനയിലൂടെയും മറ്റുമായി നിധിയിലേക്ക് ധനം സമാഹരിക്കുകയും ചെയ്തിട്ടുണ്ട് . പ്രസ്തുത അക്കൗണ്ടിൽ നാളിതുവരെ പലിശയടക്കം 28556/- രൂപ നീക്കിയിരിപ്പുണ്ട്.

20-12-04 ന് അക്കൗണ്ട് ആരംഭിച്ച് 11 വർഷം പിന്നിട്ടുവെങ്കിലും പ്രസ്തുത അക്കൗണ്ടിൽ നിന്നും ഒരു വ്യക്തിക്കുപോലും നാളിതുവരെ ധനസഹായം നൽകിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ്- അപാകങ്ങൾ

2015-16 വർഷത്തിൽ ഡി&ഒ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1.ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾ- നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 3-)o ചട്ടത്തിന് അനുബന്ധമായി നൽകിയിരിക്കുന്ന പട്ടിക 1ലെ ക്രമനമ്പർ 139 പ്രകാരം അബ്കാരി ഷാപ്പുകൾ- സാധനങ്ങൾ സംഭരിക്കുന്നതിനും വിൽക്കുന്നതിനും ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇരിണാവ്, അമ്പലത്തിൻകര, കുറുക്കനാൽ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കള്ള് ഷാപ്പുകൾ ലൈസൻസിനായി അപേക്ഷിക്കുകയോ ലൈസൻസ് അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/15-16 തീ.26-11-2016) പഞ്ചായത്തിലെ എല്ലാ കള്ളുഷാപ്പുകൾക്കും ഡി&ഒ ലൈസൻസിനായി നോട്ടീസ് നൽകിയിരുന്നെങ്കിലും ഈ രണ്ട് സ്ഥാപനങ്ങൾ ലൈസൻസിന് അപേക്ഷിച്ചില്ലെന്നും അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇരിണാവ്, അമ്പലത്തിൻകര എന്നിവിടങ്ങളിലെ സ്ഥാപനങ്ങളിൽ നിന്ന് തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ലൈസൻസ് അനുവദിക്കാതെ ഈ സ്ഥാപനങ്ങൾ തൻവർഷം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 257-)o വകുപ്പ് 1-)o ഉപവകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങൾ എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകളില്ല

2014-15 വർഷത്തിൽ 481 വ്യാപാരികളിൽ നിന്നുമായി 69,861രൂപയാണ് ഡി&ഒ ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചത്. 2015-16 വർഷത്തിൽ 60പുതിയ അപേക്ഷകർക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.പുതിയ അപേക്ഷകളുൾപ്പെടെ 541വ്യാപാരികൾക്ക് ലൈസൻസ് അനുവദിക്കേണ്ടതായിരുന്നെങ്കിലും 501 പേർക്ക് ലൈസൻസ് നൽകിയതിന്റെ വിവരങ്ങൾ മാത്രമേ

രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/15-16 തീ.26-11-2016) പഞ്ചായത്തിലെ 40 സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതു കൊണ്ടാണ് എണ്ണത്തിൽ കുറവ് വന്നതെന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ലൈസൻസ് റദ്ദാക്കാൻ അപേക്ഷിച്ചത് എന്നതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഡി&ഒ ലൈസൻസ് അനുവദിക്കേണ്ടുന്നസ്ഥാപനങ്ങളുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കൽ-അപാകങ്ങൾ

2015-16 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1.സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 5,6എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ബിസിനസ് നടത്തുന്ന സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം | സ്ഥാപനം | ഈടാക്കിയ തൊഴിൽനികുതി (രൂപ) | |
|---|---|---|---|
| | | ഒന്നാം അർധവർഷം | രണ്ടാം അർധവർഷം |
| 1 | ആംസ്റ്റെക്ക് ആർട്സ് & സയൻസസ് കോളേജ് | - | - |
| 2 | ടി.ആർ.ബാബു, ബിയാൻഡസ് അപ്ലയൻസസ് | 1250 | - |
| 3 | നീലാങ്കോൽ ചന്ദ്രൻ.ഓയിൽ മിൽ | 450 | - |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/15-16 തീ.26-11-2016) ഈ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. തൊഴിൽനികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ്- കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

2014-15 വർഷത്തിൽ സമർപ്പിച്ച റിട്ടേണുകൾ പ്രകാരം 88സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നുമാണ് തൊഴിൽനികുതി സ്വീകരിച്ചത്.എന്നാൽ 2015-16 വർഷത്തിൽ 83 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായാണ് രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടുള്ളത്.ഐ.സി.ഡി.പി.സബ് സെന്റർ, ഐ.കെ.എം,ശ്രീ ഇലക്ട്രിക്കൽസ്, ടാലന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഡി.ടി.ഇ ധർമ്മശാല,അമ്പാടി ഹോട്ടൽ, കള്ളുഷാപ്പ് കുറുക്കനാൽ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2015-16 വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയ വിവരങ്ങളാണ് രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/15-16 തീ.26-11-2016) ഡി.ടി.ഇ ധർമ്മശാല,കള്ളുഷാപ്പ് കുറുക്കനാൽ എന്നിവയൊഴികെയുള്ള സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്. ഡി.ടി.ഇ ധർമ്മശാല,കള്ളുഷാപ്പ് കുറുക്കനാൽ എന്നീ സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി ഈടാക്കാത്തത് തൃപ്തികരമായി വിശദീകരിക്കപ്പെട്ടിട്ടില്ല. വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം തൊഴിൽനികുതി ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെ പുരോഗതി ശ്രദ്ധിക്കുന്നതിനു വേണ്ടി സെക്രട്ടറി സൂക്ഷിക്കേണ്ടുന്നV-)ം നമ്പർ ഫോറത്തിലുള്ള രജിസ്റ്ററിന്റെ പരിപാലനത്തിൽ ശരിയായ ശ്രദ്ധ പതിയേണ്ടതാണ്

## 3-12 <u>ആശ്രയ പദ്ധതി - അവലോകനം</u>

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 23-8-07 ലെ 180/07(2) നമ്പർതീരുമാനപ്രകാരം 2007-08 ൽ ആശ്രയ പദ്ധതിക്ക് അംഗീകാരം ലഭിച്ചു. ആദ്യഘട്ടത്തിൽ 22 ഗുണഭോക്താക്കളെ കണ്ടെത്തി.ഇവർക്ക് ഭക്ഷണം, വസ്ത്രം, ചികിത്സ, ഭവനം, ഭൂമി, കുടിവെള്ളം, സ്വയംതൊഴിൽഎന്നിവയ്ക്കായി 20.5 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ചലഞ്ച് ഫണ്ടായി ലഭിച്ച 5,14,000/- രൂപയിൽ 2.64 ലക്ഷം രൂപ മാത്രമാണ് ഒന്നാംഘട്ട പ്രോജക്റ്റിൽ ചെലവഴിച്ചത്.പദ്ധതി പ്രകാരം കണ്ടെത്തിയ 22 കുടുംബങ്ങളിൽ വീടുവെക്കാൻ സ്ഥലം ആവശ്യമുള്ള 6 പേരിൽ ആർക്കുംതന്നെ ഭൂമി നൽകാൻ സാധിച്ചിട്ടില്ല. വീട് ആവശ്യമുള്ള 18 പേരിൽ 8 പേർക്ക് വീടും, വീട് റിപ്പയർ ആവശ്യമുള്ള 4 പേരിൽ 4 പേർക്ക് സഹായവും നൽകിയിട്ടുണ്ട്.

2012-13 ൽ റീവിസിറ്റ് നടത്തി ഗ്രാമപഞ്ചായത്തിന്റെ 7-8-13 ലെ 60/13(4) നമ്പർ തീരുമാനപ്രകാരം 17 കുടുംബങ്ങളുടെ ലിസ്റ്റ് അംഗീകരിച്ചു.ഗുണഭോക്താക്കൾക്ക് വീട്,കുടിവെള്ളം, ഭക്ഷണം, ചികിത്സ എന്നിവയ്ക്കായി 2.89 ലക്ഷം രൂപ ചെലവഴിച്ചു.

രണ്ടാംഘട്ട പ്രോജക്റ്റ് പ്രകാരം 23 ഗുണഭോക്താക്കളെ കണ്ടെത്തുകയും ചലഞ്ച് ഫണ്ടായി ലഭിച്ച136247/- രൂപയിൽ 125248/- രൂപ പദ്ധതിക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഒന്നാംഘട്ട പദ്ധതിക്കായി പാപ്പിനിശ്ശേരി കോപ്പറേറ്റീവ് റൂറൽ ബാങ്കിൽ ആരംഭിച്ച 7540 നമ്പർ അക്കൗണ്ടിൽ 4-11-16 തീയതിയിൽ പലിശ ഉൾപ്പെടെ 330691/- രൂപയും രണ്ടാംഘട്ട പദ്ധതിക്കായി ആരംഭിച്ച 12164 നമ്പർ അക്കൗണ്ടിൽ 10999/- രൂപയും നിലവിൽ നീക്കിയിരിപ്പുണ്ട്. പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്നുകൾ</u>

വാങ്ങാവുന്നതല്ല.

നിർവ്വഹണ ഉദ്ധ്യോസ്ഥൻ : മെഡിക്കൽ ഓഫീസർ,ആയുർവേദം

1) പ്രോജക്ട് നമ്പർ :15//2015-16( ആയുർവേദ ആശുപത്രിക്കും എൻ ആർ.എച്ച് എം ഡിസ്പെൻസറിയിലേക്കും മരുന്ന് വാങ്ങൽ)

അടങ്കൽ : 5,00,000(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നമ്പർ : 15/15-16 തീയതി 06-08-2015 ₹5,00,000

2)പ്രോജക്ട് നമ്പർ : 16//2015-16( ജീവിതശൈലീ രോഗങ്ങൾക്ക് ആയുർവേദ ചികിത്സ)

അടങ്ക ൽ : 3,00,000(വികസന ഫണ്ട്)

ബിൽ നമ്പർ : 16/15-16 തീയതി 06-08-2015 ₹3,00,000

മേൽ പ്രൊജക്ടുകൾ പ്രകാരം ആയുർവേദ ആശുപത്രിക്കും എൻ ആർ.എച്ച് എം ഡിസ്പെൻസറിയിലേക്കും മരുന്ന് വാങ്ങുന്നതിലേക്കായി ആകെ ₹8,00,000 (ഡി.ഡി. നം.308119/31-07-2015/5,00,000/-, ഡി.ഡി.നം.308120/31-07-2015/3,00,000/-) ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് വാങ്ങുന്നതിന് മുമ്പായി 12-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്. 362/2013/തസ്വഭവ .തി . 16-11-2013 അനുബന്ധം 1.7.V ൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയതിനുശേഷം മാത്രമേ മരുന്നുകൾ വാങ്ങാവൂ എന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കാതെ മരുന്നു വാങ്ങിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.6/15-16/23-11-2-15) ജില്ലാ മെഡിക്കൽ ഓഫീസറോട് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതേവരെ ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് നല്കിയത് .ഇത് ശരിയായ നടപടിയല്ലാത്തതിനാൽ തിരുത്തേണ്ടതാണ്.

## 3-2 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ - അപാകങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ,ഹോമിയോ

പ്രോജക്റ്റ് : 26/16,ഗവ.ഹോമിയോ ഡിസ്പെൻസറിക്കും, എൻ .ആർ.എച്ച്.എം ഡിസ്പെൻസറിക്കും മരുന്ന് വാങ്ങൽ

അടങ്കൽ : 275000/-(മെ.ഗ്രാന്റ്)

ചെലവ് : 275000/-(ബിൽ.1/15-16/29-9-15)

മേൽ പദ്ധതി പ്രകാരം ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് 200000/- രൂപയുടെ മരുന്നുകളും, എൻ.ആർ.എച്ച്.എം ഡിസ്പെൻസറിയിലേക്ക് 75000/- രൂപയുടെ മരുന്നുകളും വാങ്ങുന്നതിന് 275000/- രൂപ(ഡിഡി നം.311107/1-10-15)ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും മരുന്നു ലഭിക്കാൻ കാലതാമസം വന്നിട്ടുണ്ട്.2 ലക്ഷം രൂപയുടെ മരുന്നുകൾ ഇൻവോയ്സ് എൽ.എഫ് 351/16-7-16 പ്രകാരവും, 75000/- രൂപയുടെ മരുന്നുകൾ ഇൻവോയ്സ് എൽ.എഫ് 289/ 25-6-16 നം മാത്രമാണ് ലഭിച്ചിട്ടുള്ളത്.

മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും പല മരുന്നുകളും ഓഡിറ്റ് തീയതി (19-11-16) വരെയും

വിതരണം ചെയ്തിട്ടില്ല.ഉദാ:- ബുക്ക് നമ്പർ 5, പേജ് 71,77,105,111,125,133. മരുന്നുകൾ യഥാസമയം ലഭിക്കാത്തതിനാൽ മരുന്നിന്റെ ലഭ്യത ഉറപ്പു വരുത്താൻ സാധിക്കാതെ വരുന്നതിനാൽ പ്രോജക്റ്റ് തയ്യാറാക്കുന്ന അവസരത്തിൽ കൃത്യമായ ഇൻഡെന്റ് തയ്യാറാക്കാൻ സാധിക്കാതെ വരുന്നു എന്നാണ് ഇക്കാര്യത്തിൽ വിശദീകരിക്കപ്പെട്ടത്.

മരുന്ന് ലഭിക്കാൻ കാലതാമസം വരുന്നതും, മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യാത്തതും ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.കൃത്യമായ ആവശ്യകതാനിർണ്ണയം നടത്തി മരുന്നുകൾ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രൊജക്റ്റ്. നം :14/2016(കന്നുകുട്ടി പരിപാലനം)

അടങ്കൽ :1,87,500(വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം 2015-16 വർഷം 1,87,500രൂ. എസ് എൽ ബി പി ഡയരക്ടർക്ക് ചെക്ക് നമ്പർ

984343 തീ. 18-01-2016 പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇതിൽ 52,455രൂപ. തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി തുക ചെലവഴിച്ചതിനുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

## 3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 4,87,500 രൂപ തടസ്സപ്പെടുത്തുന്നു വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 4,87,500 രൂപ തടസ്സപ്പെടുത്തുന്നു വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 4,87,500 രൂപ തടസ്സപ്പെടുത്തുന്നു

2015-16 വർഷം നടപ്പിലാക്കിയ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രവർത്തികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 4,87,500 രൂപ തടസ്സപ്പെടുത്തുന്നു

| ക്രമ നം | പ്രൊജക്റ്റിന്റെ നം/പേര് | നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം | നല്കിയ തുക | രശീത്/വൗച്ചർ /ബിൽ നം/തീയ്യതി |
|---|---|---|---|---|---|
| 1. | 119/2016/സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | സെക്രട്ടറി | കെ.എസ്.ഇ.ബി | 1,06,000/- | 21501059/<br>22-03-2016 |
| 2. | 158/16/ ജപ്പാൻ കുടിവെള്ള പദ്ധതി കണക്ഷൻ | സെക്രട്ടറി | കേരള വാട്ടർ അതോറിറ്റി | 81,500/- | 21501086/<br>26-03-2016 |
| 3. | 30/16/ഐ.എ.വൈ.വിഹിതം | വി.ഇ.ഒ | കല്ല്യാശ്ശേരി | 3,00,000 | 1/15-16/ |

| | | | | | |
|---|---|---|---|---|---|
| | നല്കൽ | | ബ്ലോക്ക് പഞ്ചായത്ത് | | 29-12-2015 |
| | ആകെ | | | 4,87,500/- | |

## 3-5 ക്വാട്ട് ചെയ്ത നിരക്കിൽ അധികം തുക നൽകിയത് - അധികം നൽകിയ 32,884/-രൂപ പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ :അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് : 146/16 പി ഐ ഗോപാലൻനമ്പ്യാർ പാപ്പിനിശ്ശേരി ശിശുമന്ദിരം റോഡ് ടാറിംഗ്

അടങ്കല് : 7,75,000(ധന.കാര്യ)

ചെലവ് : 501612/-(ബിൽ 23/26-3-16)

കരാറുകാരൻ :വി.കെ രവീന്ദ്രൻ

എസ്റ്റിമേററ് നിരക്ക് 10.2% കുറവ്

മേൽ പ്രവൃത്തിക്കുള്ള ടെണ്ടർ ക്ഷണിച്ചതുപ്രകാരം വി.കെ.രവീന്ദ്രൻ എന്നവരുടെ 10.2%കുറവു നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്.പ്രവൃത്തിയുടെ ഫൈനൽബിൽ നൽകിയപ്പോൾ പ്രവൃത്തിമൂല്യത്തിൽ നിന്നും 10.2% കുറവു ചെയ്യേണ്ടതിനുപകരം 3.9% ആണ് കുറവു ചെയ്തിട്ടുള്ളത്.ആകയാൽ കരാറുകാരന് തുക അധികം നൽകാൻ ഇടയായിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരന് നൽകിയത് | | കരാറുകാരന് നൽകേണ്ടത് | |
|---|---|---|---|
| പ്രവൃത്തിമൂല്യം | 521969 | പ്രവൃത്തിമൂല്യം | 521969 |
| കുറക്കുക 3.9% | 20357 | കുറക്കുക 10.2% | 53241 |
| ആകെ | 501612 | ആകെ | 468728 |
| വാറ്റ് 4% | 20879 | വാറ്റ് 4% | 20879 |
| നി.തൊ.ക്ഷേ | 5016 | നി.തൊ.ക്ഷേ | 4687 |
| ആദായനികുതി | 5016 | ആദായനികുതി | 4687 |
| ആകെ | 470701 | ആകെ | 438475 |

കരാറുകാരന് 32226രൂപയും നികുതി യിനത്തിൽ 658 രൂപയും അധികം നൽകിയിട്ടുണ്ട് .ഇതു

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ക്ലറിക്കൽ എറർ ആയി പരിഗണിക്കണമെന്നും അധികം നൽകിയ 32226/- രൂപ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.അധികം നൽകിയ തുക കരാറുകാരനിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 3-6 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികൾ - പൊതു അപാകങ്ങൾ

1)പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത് സംന്ധിച്ച്.

2015-16 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രവൃത്തികൾ പൂർത്തീകരണകാലാവധിക്കകം പൂർത്തിയാക്കാത്തതിനാൽ ഭരണസമിതി തീരുമാനപ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിച്ചതിന്റെയോ, പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിനുള്ള കാരണങ്ങളോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

ജി.ഒ(പി)13/2012/PWD/1-02-2012 പ്രകാരമുള്ള പുതുക്കിയ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് കരാറുകാരന്റെതല്ലാത്ത കാരണത്താലുള്ള കാലതാമസത്തിന്, കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് എ.ഇ മുഖേന കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണത്തിനുള്ള ദീർഘീകരണം ഒറ്റത്തവണ യഥാർത്ഥ സമയത്തിന്റെ 25% ൽ അധികരിക്കാവുന്നതല്ല.അല്ലെങ്കിൽ 6 മാസം(ഏതാണോ കുറവെങ്കിൽ അത്).പരമാവധി ദീർഘീകരണം യഥാർത്ത പൂർത്തീകരണകാലാവധിയുടെ 50% ൽ അധികരിക്കാൻ പാടില്ല.എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് പ്രവൃത്തികൾക്ക് ദീർഘീകരണം നൽകിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | എഗ്രിമെന്റ് തീയതി | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | ഭരണസമിതി തീരുമാനപ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകിയ തീയതി |
|---|---|---|---|---|
| 132/16,പൊന്നാരത്ത് ശ്രീനിവാസൻ വീട്- കെയുസി റോഡ് ടാറിംഗ് | 04/02/15 | 03/05/15 | 14/03/16 | 31-1-16(9 മാസം) |
| 78/15,ഇരിണാവ് റോഡ് ഈച്ച കൃഷ്ണൻ റോഡ് സോളിംഗ് | 01/12/14 | 31/03/15 | 10/09/15 | 30-9-15(6 മാസം) |
| 96/15,വെള്ളാഞ്ചിറ ഇ.കെ നായനാർ സ്മാരക റോഡ് സോളിംഗ് | 20/02/15 | 19/06/15 | 28/03/16 | 31-3-16(9 മാസം) |

| | | | | |
|---|---|---|---|---|
| 63/15,പോസ്റ്റ് ഓഫീസ്,അനന്തൻപീടിക ഫുട്പാത്ത് സോളിംഗും പേവിംഗും | 08/06/15 | 07/10/15 | 25/03/16 | 31-3-16(6 മാസം) |

2. പ്രവൃത്തി മൂല്യത്തിൻമേൽ നികുതികൾ കണക്കാക്കിയിട്ടില്ല.

   പ്രവൃത്തിയുടെ ബിൽ തയ്യാറാക്കുമ്പോൾ ആകെ പ്രവൃത്തി മൂല്യത്തിൻമേലാണ് നികുതികൾ കണക്കാക്കേണ്ടതെങ്കിലും, ആകെ പ്രവൃത്തിമൂല്യത്തിൽ നിന്ന്, കരാറുകാരനിൽ നിന്ന് ഈടാക്കേണ്ട പിഴ, ബാരൽവില തുടങ്ങിയവ കുറവു ചെയ്ത ശേഷമാണ് നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം, ആദായനികുതി എന്നിവ കണക്കാക്കിയിട്ടുള്ളത്.ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

3. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനുള്ള പിഴ – പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

ജി.ഒ(പി) 13/2012/PWD/1-2-2012 പ്രകാരമുള്ള പുതുക്കിയ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക2112-1 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ കണക്കാക്കേണ്ടത് പി എ സിയുടെ നിശ്ചിത ശതമാനം (ആദ്യതവണ 1%, ആദ്യതവണക്ക് ശേഷം 2%)നിരക്കിലാണ്. എന്നാൽ ഏതാനും പ്രവൃത്തികളിൽ ആകെ പ്രവൃത്തിമുല്യത്തിന്റെ ഒരു ശതമാനം നിരക്കിലാണ് പിഴ കണക്കാക്കിയിരിക്കുന്നത്.

4) സെലക്ഷൻ നോട്ടീസിൽ പിഴ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ല.

ഖണ്ഡിക 2009-6 അനുസരിച്ച് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ പി എ സിയുടെ 1%(മിനിമം 1000/- മാക്സിമം 25000/-) പിഴ ഈടാക്കാനും, 14 ദിവസവും പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞ് കരാറുടമ്പടി വെക്കാത്ത പക്ഷം കരാർ റദ്ദാക്കാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നിബന്ധനകൾ ഉൾക്കൊള്ളിക്കാതെയാണ് സെലക്ഷൻ നോട്ടീസ് തയ്യാറാക്കിയിട്ടുള്ളത്.

## 3-7 എൽ.എസ്.ജി.ഡി വിഭാഗത്തിൽ ജീവനക്കാരുടെ അഭാവം

ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് പുറമെ ബിൽഡിംഗ് പെർമിറ്റ്സംബന്ധിച്ച സൈറ്റ് പരിശോധന, മറ്റ് നിർമ്മാണ പ്രവൃത്തി സംബന്ധിച്ച വാല്വേഷൻ കണക്കാക്കുന്നതിനുള്ള സൈറ്റ് പരിശോധന തുടങ്ങിയ പ്രവർത്തനങ്ങളും അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിക്കേണ്ടതുണ്ട്.ഓരോ ഗ്രാമപഞ്ചായത്തും എഞ്ചിനീയറിംഗ് വിഭാഗത്തിൽ സേവനം വിട്ടു നൽകേണ്ട ക്ലർക്കുമാരെ നിശ്ചയിക്കേണ്ടതും പഞ്ചായത്ത് ഡയരക്റ്റർ ഇതു സംബന്ധിച്ച നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആണെന്ന് ജി.ഒ(ആർ.ടി)3225/2009/തസ്വഭവ, തീയത്5-12-2009 ൽ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ക്ലർക്കിന്റെ സേവനം ലഭ്യമായിട്ടില്ല.

എൽഎസ്ജിഡി വിഭാഗത്തിൽ നിലവിൽ ഒരു ഓവർസിയറും, അധിക ചുമതലയിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും മാത്രമാണ് ഉള്ളത്.ഇക്കാര്യത്തിൽ ഭരണസമിതി അടിയന്തിരമായി

ഇടപെടൽ നടത്തി പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

## 3-8 സമ്പൂർണ്ണ ഇ-സാക്ഷരത - ലക്ഷ്യം കൈവരിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ :ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്

പ്രോജക്റ്റ് :174/16,സമ്പൂർണ്ണ ഇ-സാക്ഷരത

അടങ്കൽ :1,00,000(തനത്)

3,00,000(എക്സ്റ്റേണൽ എയ്ഡ്)

56,000(വി.ഫ)

4,56,000

ചെലവ് : 7499/-(ബിൽ 8/15-16,22-3-16)

ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആളുകളെയും കമ്പ്യൂട്ടർ സാക്ഷരരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയാണിത്. ഇതിനായി 2014-15 വർഷത്തിൽ 18 ടാബുകൾ വാങ്ങിവിതരണം ചെയ്തിട്ടുണ്ട്.ടാബുകൾ നെറ്റ് റീചാർജ് ചെയ്യുന്നതിനുള്ള ചെലവായി 7499/- രൂപ 2015-16 വർഷം വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽതുകയിൽ പരിശീലകരായ അമൽ.കെ.വി എന്നവർക്ക് നൽകാനുള്ള 383/ രൂപയുടെയും (ഡി.ഡി 269874/15-4-16), പ്രജിഷ എൻ എന്നവർക്ക് നൽകാനുള്ള 703/- രൂപയുടെയും (ഡി.ഡി.269876/15-4-16) ഡി.ഡി കൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. നിരവധി തവണ ബന്ധപ്പെട്ടിട്ടും ബന്ധപ്പെട്ടവർ തുക കൈപ്പറ്റാൻ എത്താത്തതുകാരണമാണ് വിതരണം ചെയ്യാൻ കഴിയാതിരുന്നത് എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുള്ളത്.

വിതരണം ചെയ്യാത്ത 1086/- രൂപ പഞ്ചായത്തിന്റെ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

കൂടാതെ ഇ-സാക്ഷരത സംബന്ധിച്ച പ്രവർത്തനങ്ങളൊന്നും തന്നെ നിലവിൽ നടക്കുന്നില്ല എന്നും, 18 പേർക്ക് ടാബുകൾ നൽകിയതിൽ 7 പേർ ടാബുകൾ തിരിച്ചുനൽകിയിട്ടുണ്ടെന്നും, 11 പേർ ടാബുകൾ തിരിച്ചു നൽകാൻ ബാക്കിയുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.തിരികെ ലഭിച്ച ടാബുകൾ ഹെഡ്മാസ്റ്ററുടെ കയ്യിൽ സൂക്ഷിച്ചിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. ഇ-സാക്ഷരത സംബന്ധിച്ച പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ഈ ആവശ്യത്തിലേക്കായി വാങ്ങിയ ടാബുകൾ മറ്റ് പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താനോ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 അങ്കണവാടിവാടികളുടെ ഭൗതിക സൌകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. അങ്കണവാടിവാടികളുടെ ഭൌതീക സൌകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 23 അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്. 3 മുതൽ 6വരെ പ്രായമുള്ള കുട്ടികൾക്ക് അങ്കണവാടിയുടെ സേവനം ലഭ്യമാക്കുന്നുണ്ടെങ്കിലും

അങ്കണവാടികളുടെ മൊത്തത്തിലുള്ള ഭൗതികസാഹചര്യങ്ങൾ അത്ര തൃപ്തികരമല്ല. 23 അങ്കണവാടികളിൽ 16 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത് ബാക്കിയുള്ള 7 എണ്ണവും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. അതിൽ ഒരെണ്ണം വായനശാലയുടെ മുകളിലത്തെ നിലയിലും മറ്റൊരെണ്ണം റോഡ് അരികിലായി ചുറ്റമതിലില്ലാത്ത കെട്ടിടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത് . എന്നിരുന്നാലും എല്ലാ അങ്കണവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നാണ് ഐ.സി.ഡി. എസ് സൂപ്പർവൈസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുട്ടികളുടെ സുരക്ഷിതത്തം ഉറപ്പുവരുത്തി അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് അതുപോലെ 23 അങ്കണവാടികളിൽ 7 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കുടിവെള്ളസൗകര്യം ഉള്ളത് ബാക്കി ഉള്ളവ പൊതുകിണറുകളെയും പൈപ്പ് വഴിയുള്ള വെള്ളത്തെയുമാണ് ആശ്രയിക്കുന്നത്. എല്ലാ അങ്കണവാടികളിലും ഭക്ഷണം പാകം ചെയ്യാനും വിളമ്പാനുമുള്ള സൌകര്യവും അത്യാവശ്യത്തിന് കളിപ്പാട്ടങ്ങളുമുണ്ട്. അങ്കണവാടികളുടെ സുരക്ഷിതത്ത്വം ഉറപ്പുവരുത്തുന്നതിനായി വെൽഫെയർ കമ്മിറ്റി പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാ അങ്കണവാടികളിലും കുടിവെള്ളസൗകര്യവും ടോയ് ലെറ്റ് സൗകര്യവും ലഭ്യമാക്കി അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിച്ച് സുരക്ഷിതമായ സാഹചര്യത്തിലാണ് അവ പ്രവർത്തിച്ചുവരുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്

## 3-10 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 1991-92 വർഷം മുതൽ 2015-16 വർഷത്തിൽ 9,28,851/- രൂപ നീക്കിയിരിപ്പുണ്ട്. കേരള ഫൈനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 അനുസരിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

ഗ്രാമീണ മേഖലയിൽ തൊഴിൽ എടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള കുടുംബത്തിന് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനാണ് തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. സമൂഹത്തിലെ പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ആദിവാസികൾ , എസ്.സി, എസ്.ടി, ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക സുരക്ഷിതത്വവും സാമൂഹിക പുരോഗതിയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ഗ്രാമപഞ്ചായത്ത് 2015-16 വർഷത്തിൽ ലേബർബജറ്റ് പ്രകാരം നിർദ്ദേശിച്ച 409 പ്രവൃത്തികളിൽ 134 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്.

2438 കുടുംബങ്ങൾ പദ്ധതി പ്രകാരം തൊഴിലിനായി രജിസ്റ്റർ ചെയ്തതിൽ 729 പേർ മാത്രമാണ് തൊഴിൽ ആവശ്യപ്പെട്ടിട്ടുള്ളത്. തൊഴിൽ ആവശ്യപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ നൽകിയിട്ടുണ്ട്. ആകെ 15127 തൊഴിൽദിനങ്ങൾ മാത്രമേ സൃഷ്ടിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. ഇതിൽ ഒരേയൊരാൾക്ക് മാത്രമേ 100 തൊഴിൽദിനങ്ങൾ ലഭിച്ചിട്ടുള്ളൂ.പദ്ധതി വിഭാവനം ചെയ്യുന്ന പ്രധാന ലക്ഷ്യം നിറവേറ്റാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. രജിസ്റ്റർ

ചെയ്ത മുഴവൻ കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ചെറുകിട നാമമാത്രകർഷകരുടെ ഭൂമിയിൽ പ്രവൃത്തികൾ നടത്തുന്നതിന് പ്രസ്തുത ഭൂവുടമകൾ തൊഴിൽകാർഡ് ലഭിച്ച ആളും പ്രസ്തുത പ്രവൃത്തിയിൽ പണി എടുക്കുന്ന ആളും ആയിരിക്കണമെന്ന് വ്യവസ്ഥയുള്ളതിനാൽ ഈ ആവശ്യത്തിലേക്ക് മാത്രമായാണോ കൂടുതൽ പേരും പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്നും യഥാർത്ഥത്തിൽ തൊഴിൽ ആവശ്യമുള്ളവർ തന്നെയാണോ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന കാര്യവും പരിശോധിക്കപ്പെടേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 നിഷ്ക്രിയാസ്തി സംബന്ധിച്ച വിവരങ്ങൾ

ഇല്ല

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 81988 | 5/16അങ്കണവാടികൾക്ക് പോഷകാഹാരം | | 81988 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 134425 | 12/16ശാരീരികമാനസീക വൈകല്ല്യമുള്ളവർക്ക് സ്കോളർഷിപ്പ. | 134425 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2014-15 2015-16 | 134425 | 172/16ശാരീരികമാനസീക വൈകല്ല്യമുള്ളവർക്ക് സ്കോളർഷിപ്പ. (സ്പിൽ ഓവർ പ്രൊജക്ട്) | 134425 | 0 |

ഷെഡ്യൂൾ B-4പ്രകാരം 4,62,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് നൽകിയ വിഹിതത്തിൽ വിനിയോഗിക്കാൻ ബാക്കിയുണ്ട്.എന്നാൽ ഇതിന്റെ വിശദവിവരങ്ങൾ നൽകാൻ ബന്ധപ്പെട്ടവർക്ക് സാധിച്ചിട്ടില്ല.വിശദവിവരങ്ങൾ നൽകുകയും വിനിയോഗിക്കാനുള്ള തുക തുക വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതുമാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ | പ്രവൃത്തിയുടെ പേര് | ബിൽ/ | മുൻകൂർ | ചെലവഴിച്ച | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| | ഏജൻസി | | വൗച്ചർ/ ചെക്ക് നം. | നൽകിയ തുക | തുക | വിവരം |
|---|---|---|---|---|---|---|
| 2015-16 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 119/16 തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 21501059/ 22-03-2016 | 106000 | - | പൂർത്തീകരിച്ചിട്ടില്ല |
| 2015-16 | കേരള വാട്ടർ അതോറിറ്റി | 158/16 പഞ്ചായത്തിലെ വിവധ സ്ഥാപനങ്ങളിലേക്ക് ജപ്പാൻ കുടിവെള്ള കണക്ഷൻ | 21501086/ 26-03-2016 | 81500 | - | പൂർത്തീകരിച്ചിട്ടില്ല |

മേൽ വിവരിച്ച കാര്യങ്ങൾ B-18ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.ഇതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്-

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 21,000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 21,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 21,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ് സൊസൈറ്റി ലിമിറ്റഡ് ഷെയർ സർട്ടിഫിക്കറ്റ് | 21,000 |
| ആകെ | 21,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 ൽ ലഭിച്ച 12,806 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1 | 1992-94 | 13 | 67 | കെ.സി. ബാലകൃഷ്ണൻ | 11502104645/23.12.2015 |
| 2 | 2010-11, 2011-12 | 2.2.(7) | 19408 | മാനേജിംഗ് ഡയരക്ടർ, കെൽട്രോൺ കോമ്പോണന്റ് കോംപ്ലക്സ്. | 11502500004/31.07.2015 |
| 3 | 2010-11, 2011-12 | 2.4 | 400 | മാനേജിംഗ് ഡയരക്ടർ, കെൽട്രോൺ കോമ്പോണന്റ് കോംപ്ലക്സ്. | 11502500005/31.07.2015 |
| 4 | 2012-13 | 2.4 | 150 | കെൽട്രോൺ എംപ്ലോയീസ് കോ- ഓപ് സൊസൈറ്റി | 11502504782/29.12.2015 |
| 5 | 2012-13 | 2.4 | 50 | മിനി.കെ, പുഞ്ചിരി ഫൂട്ട് വെയർ, ഇരിണാവ്. | 11502500423/27.04.2015 |
| | ആകെ | | 20075 | | |

## 4-8 ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം 2015-16

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,39,42,390 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,13,61,414 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32,884 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,87,500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്ധ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-5 | | 32,226+പലിശ | ശ്രീമതി. നീതു വത്സരാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| | | |
| 3-4 | 3,00,000 | ശ്രീ. രഘുവരൻ.ടി.വി, വി.ഇ.ഒ |
| | 1,87,500 | ശ്രീ.സി.ടി.പുരുഷോത്തമൻ |
| ആകെ | 4,87,500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| പേര്,ഉദ്യോഗപ്പേര് | ഇപ്പോഴത്തെ ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. നീതു വത്സരാജ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | LWA ൽ ആണ് | ശ്രീമതി. നീതു വത്സരാജ്,<br>മാങ്ങാട്,<br>കല്ല്യാശ്ശേരി.പി.ഒ. |

## 4-11 ഓഡിറ്റ് ഇംപാക്ട്

ഇല്ല

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1990-00 | എൽ.എഫ്/കെഎൻആർ/സി7- 1667/14 (1)തീയ്യതി17-12-2014 | 13 |
| 1990-00 | എൽ.എഫ്/കെഎൻആർ/സി7- 1667/14(2) തീയ്യതി17-12-2014 | 6 |
| 2000-01 | എൽ.എഫ്/കെഎൻആർ/സി7- 1667/14(3) തീയ്യതി17-12-2014 | 10 |
| 2000-01 | എൽ.എഫ്/കെഎൻആർ/സി7- 1667/14(4) തീയ്യതി17-12-2014 | 5 |
| 2001-02 | എൽ.എഫ്/കെഎൻആർ/സി7- 1667/14 (5)തീയ്യതി17-12-2014 | 9 |
| 2001-02 | എൽ.എഫ്/കെഎൻആർ/സി7- 1667/14 (6)തീയ്യതി17-12-2014 | 5 |
| 2002-03 | എൽ.എഫ്/കെഎൻആർ/സി7- 1667/14 (7)തീയ്യതി17-12-2014 | 22 |
| 2003-04 | എൽ.എഫ്/കെഎൻആർ/സി7- 1667/14 (8)തീയ്യതി17-12-2014 | 6 |
| 2004-05 | എൽ.എഫ്/കെഎൻആർ/സി3- 20/09 തീയ്യതി10-07-2009 | 7 |
| 2005-06 | എൽ.എഫ്/കെഎൻആർ/സി3- 1147/09 തീയ്യതി06-09-2009 | 4 |
| 2006-07 | എൽ.എഫ്/കെഎൻആർ/സി3-1809/09 തീയ്യതി26-07-2009 | 10 |
| 2007-08 | എൽ.എഫ്/കെഎൻആർ/സി3-591/10 | 7 |

| | | |
|---|---|---|
| | തീയ്യതി09-12--2011 | |
| 2008-09 | എൽ.എഫ്/കെഎൻആർ/സി3-1936/11(1) തീയ്യതി20-04-2013 | 8 |
| 2009-10 | എൽ.എഫ്/കെഎൻആർ/സി3-1760/11 തീയ്യതി24-04-2013 | 6 |
| 2010-11, 2011-12 | എൽ.എഫ്/കെഎൻആർ/സി3- 1129/ തീയ്യതി17-12-2014 | 20 |
| 2012-13 | എൽ.എഫ്/കെഎൻആർ/സി3- 1125/15 തീയ്യതി23-09-2015 | 4 |
| 2013-14, 2014-15 | എൽ.എഫ്/കെഎൻആർ/സി7- 1389/16 തീയ്യതി03-08-2016 | 18 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.

സീയാർ/-

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം: കെ.എസ്.എ./കെ.എൻ.ആർ./സി2/2094/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ-670001.

ഫോൺ: 04972707698

ഇ – മെയിൽ: lfaddistofficeknr@gmail.com

തീയതി:07-02-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIX - 1

AUDIT CERTIFICATE

No.KSA /KNR/C2-2094/2016

Kerala State Audit Department,

District Audit Office, Kannur-670001.,

Phone: 04972707698

e-mail: lfaddistofficeknr@gmail.com

തീയതി:07-02-2017

Certified that I have audited the Annual Financial Statement of KALLIASSERY Gramapanchayath in KANNUR District for the year ended on 31.3. 2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of KALLIASSERY Gramapanchayath for the year 2015-16 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR

DISTRICT AUDIT OFFICE, KANNUR.